പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി കാലിത്തീറ്റ നൽകാൻ നടപടി

88 (2537) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര സഹകരണ സംഘങ്ങളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി കാലിത്തീറ്റ നൽകുവാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത് നടപ്പാക്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പശുക്കൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രത്യേക കന്നുകുട്ടി പരിചരണ പദ്ധതി പ്രകാരം കർഷകർക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്.

(ബി) ബാധകമല്ല.

(സി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത നൂതന കൃഷി രീതികൾ

89 (2538) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോല്പന്നങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) സർക്കാർ സ്വീകരിച്ച നടപടിയുടെ ഫലമായി ഏതെല്ലാം വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയുമാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഉല്പാദനക്ഷമതയുള്ള കൃഷി രീതികൾ വികസിപ്പിച്ചെടുക്കുന്നതിന് കാർഷിക സർവകലാശാല എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ഏതെല്ലാം നൂതന കൃഷിരീതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ ഏതെല്ലാം കൃഷിരീതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കാർഷിക സർവകലാശാല വിവിധ വിളകൾക്കായി ഉയർന്ന ഉല്പാദന ക്ഷമതയുള്ള വിവിധയിനം വിത്തിനങ്ങൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. വിവിധ വിളകൾക്ക് വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമായ അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ഇതിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പയറുവർഗ്ഗങ്ങൾ, ജാതി, നേന്ത്രക്കായ്, കൊക്കോ എന്നീ വിളകളുടെ ഉല്പാദനത്തിലും നെല്ല്, കരിമ്പ്, ഇഞ്ചി, മഞ്ഞൾ, നേന്ത്രക്കായ്, കശുമാവ്, മധുരക്കിഴങ്ങ്, നാളികേരം, കൊക്കോ എന്നീ വിളകളുടെ ഉല്പാദനക്ഷമതയിലും വർദ്ധനവുണ്ടായിട്ടുണ്ട്.

2000-01, 2001-02 എന്നീ വർഷങ്ങളിലെ പ്രധാനവിളകളുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കാർഷിക സർവകലാശാലയുടെ ജൈവകൃഷി സംബന്ധിച്ചുള്ള പഠനത്തിൽ മണ്ണിര കമ്പോസ്റ്റ് ഉല്പാദനരീതിയും പഠന വിധേയമാക്കുകയും വിവിധ വിളകൾക്ക് മണ്ണിര കമ്പോസ്റ്റ് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഷിക സർവകലാശാല സംയോജിത കൃഷിരീതി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയെല്ലാം കൃഷിവകുപ്പ് മുഖേന വിജ്ഞാന വ്യാപനം വഴി കർഷകരിൽ എത്തിക്കുന്നുണ്ട്.

കാർഷിക സർവ്വകലാശാലയുടെ ഗവേഷണം

90 (2539) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് സംസ്ഥാനകാർഷിക സർവകലാശാല എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(സി) നാളികേരത്തിൽ നിന്ന് എന്തെല്ലാം വിധത്തിലുള്ള മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കാമെന്ന് കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഉൽപ്പന്നങ്ങൾക്ക് വമ്പിച്ച പ്രചാരം കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?